"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പ്യൂൺ ആയിരുന്ന മരണപ്പെട്ട സി. ബാലന് കെ.എസ്.ആർ., ഭാഗം I, ചട്ടം 88 (iii) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1947/2025/LSGD തീയതി,തിരുവനന്തപുരം, 06-08-2025

---

പരാമർശം:- 1. സർക്കുലർ നം. 36/94/ധന, തീയതി 14.06.1994.

2. പഞ്ചായത്ത് ഡയറക്ടറുടെ 29.10.2021, 14.04.2022 എന്നീ തീയതികളിലെ H1-114247/2019, PAN/11247/2019-H1(DP), തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.11.2024 ലെ LSGD/PD/9339/2023/PENB2എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

18.01.1978-ന് പ്യൂൺ തസ്തികയിൽ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുകയും അനധികൃത ഹാജരില്ലായ്മയിലിരിക്കെ 2000- ൽ സേവനത്തിൽ നിന്ന് വിരമിക്കുകയും 2002-ൽ മരണപ്പെടുകയും ചെയ്ത ശ്രീ. സി ബാലന്റെ അനധികൃത ഹാജരില്ലായ്മ കാലയളവും സസ്പെൻഷൻ കാലയളവും ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സസ്പെൻഷനുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയുടെ അന്തിമ തീർപ്പിന് വിധേയമായിട്ടാണ് സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്ന വിധം തീരുമാനിക്കുന്നത്. Manual of Disciplinary Proceedings ലെ ഖണ്ഡിക-16(24) പ്രകാരം സസ്പെൻഷന് ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ട്. കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പ്യൂൺ സി. ബാലൻ, 17-03-2002 ന് മരണപ്പെട്ടതിനാലും ഏകദേശം 35 വർഷം മുൻപുള്ള വിഷയമായതിനാലും ടിയാന്റെ 13-01-1986 മുതൽ 05-04-1986 വരെയും, 03-11-1987 മുതൽ 19-03-1989 വരെയും, 13-12-1989 മുതൽ 19-04-1990 വരെയും ഉള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും, അനധികൃത ഹാജരില്ലായ്മയ്ക്ക് അപേക്ഷകനെതിരെ ചട്ടപ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത ഫയലുകളും അനുബന്ധ രേഖകളും ലഭ്യമല്ല എന്നുമുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും അപേക്ഷകൻ മരണപ്പെട്ട സാഹചര്യവും കണക്കിലെടുത്ത് കൊണ്ട് മാനുഷിക പരിഗണന നൽകി, ടിയാന്റെ (26.04.1990-11.10.1990), (24.01.1993-09.11.1993), (01.01.1994-05.01.1994), (09.07.1994-13.07.1994), (17.07.1994-18.07.1994), (09.08.1994-25.08.1994),(28.08.1994-31.08.1994), (25.12.1994-31.12.1994), (08.04.1995-23.04.1995), (05.09.1995-28.09.1995), (11.11.1995-31.12.1995), (01.11.1997—07.11.1997), (24.12.1998-

31.05.2000) എന്നീ കാലയളവുകൾ ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 (iii) പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശ്രീ. സി ബാലന്റെ 13-01-1986 മുതൽ 05-04-1986 വരേയും, 03-11-1987 മുതൽ 19-03-1989 വരേയും, 13-12-1989 മുതൽ 19-04-1990 വരേയും ഉള്ള കാലയളവുകളുടെ ആധികാരികതയും ടിയാൾക്കെതിരെ ആരംഭിച്ചിരുന്ന അച്ചടക്ക നടപടികൾ ഉചിതമായ രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, വാണിമേൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ് (28.04.2025ലെ E-1958155/DEV-1/237/2021-FIN നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(269/ഇപിഎ2/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 06-08-2025 13:10:14